പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2747 — 12. 10. 2011 ലെ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ നൽകാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.കെ.ജയചന്ദ്രൻ | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) | ഇടുക്കി കട്ടപ്പന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ശ്രീ.ബി.സുനിൽ എന്നയാൾ 383/2000 നമ്പരായി 9-3-2000-ൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (എ) | ശ്രീ.ബി.സുനിൽ 383/2000 രജിസ്റ്റർ നമ്പരിൽ 9-3-2000-ൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) | ടിയാൻ വികലാംഗനാണോ; എങ്കിൽ എത്ര ശതമാനം വികലാംഗത്വം ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രീ.ബി.സുനിൽ വികലാംഗനാണ് . ടിയാന് 55% അസ്ഥി സംബന്ധമായ വൈകല്യമുണ്ട്. |
| (സി) | ടിയാനെ ഏതെങ്കിലും തരത്തിലുള്ള ജോലിക്ക് പരിഗണിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ടിയാനെ ജോലിക്ക് പരിഗണിച്ചിട്ടുണ്ട്. ശ്രീ.ബി.സുനിലിന് പാർട്ട് ടൈം സ്വീപ്പർ (സ്ഥിരം) ഒഴിവുകളിലേയ്ക്ക് PT 25/06, PT 29/08, PT 07/10 നമ്പർ പ്രകാരം 3 പ്ര ാവശ്യം പരിഗണിച്ചിട്ടുണ്ട്. |
| (ഡി) | വികലാംഗരായ ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ ജില്ലാ കളക്ടർ നേരിട്ട് നിയമിക്കുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ടോ; | (ഡി) | നിർദ്ദേശിച്ചിട്ടില്ല. വികലാംഗരായ ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ നേരിട്ട് നിയമിക്കുന്നത് ഇപ്പോൾ ജില്ലാ കളക്ടർ മുഖാന്തിരമല്ല. പി.എസ്.സി മുഖേനയാണ് ഇപ്പോൾ അത്തരം നിയമനം നടത്തേണ്ടത്. |
| (ഇ) | ശ്രീ.ബി.സുനിലിന് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് എടുത്ത നടപടികൾ വ്യക്തമാക്കുമോ; | (ഇ) | ശ്രീ.ബി.സുനിലിനെ 3 പ്രാവശ്യം പാർട്ട് ടൈം സ്വീപ്പർ (സ്ഥിരം) ഒഴിവിലേക്ക് ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | ടിയാന് അടിയന്തിരമായി ജോലി നൽകുന്ന കാര്യം പരിഗണിക്കുമോ ? | (എഫ്) | യോഗ്യതയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് ശ്രീ.ബി.സുനിലിനെ തുടർന്നും നിയമാനുസൃതം തൊഴിലിനായി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ